## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1359** **03.12.2018 -ൽ മറുപടിക്ക്**

### നെല്ലിക്കുഴി സർക്കാർ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം

**ചോദ്യം**

**ശ്രീ.ആന്റണി ജോൺ**

**ഉത്തരം**

പ്രൊഫ: സി.രവീന്ദ്രനാഥ്

(പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) ആർ.എം.എസ്.എ. ഫണ്ടിൽ നിന്നും രണ്ട് കോടി രൂപ അനുവദിച്ച് ജില്ല പഞ്ചായത്ത് വഴി തെരഞ്ഞെടുത്ത കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി സർക്കാർ സ്കൂളിൽ നാളിതുവരെ യാതൊരു നിർമ്മാണ പ്രവർത്തനവും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് നിശ്ചയിച്ച ഏജൻസിയായ ഹാബിറ്റാറ്റ് വിശദമായ ഡി.പി.ആർ. തയ്യാറാക്കുകയും ജില്ലാ പഞ്ചായത്തുമായി എഗ്രിമെന്റ് വച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>സി) ഹാബിറ്റാറ്റുമായി എഗ്രിമെന്റ് വച്ചിട്ടും നിർമ്മാണ പ്രവർത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;<br>ഡി) നിർമ്മാണ പ്രവർത്തി ഹാബിറ്റാറ്റിനെ തന്നെ ഏല്പിക്കണം എന്ന് ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലെ D2/167/18 എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;<br>ഇ) പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനു വേണ്ടി ഡി.പി.ആർ.സമർപ്പിച്ച് എഗ്രിമെന്റും വച്ച സാഹചര്യത്തിൽ നിർമ്മാണ ചുമതല ഹാബിറ്റാറ്റിനെ ഏല്പിച്ച് വേഗത്തിൽ നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | എ, ബി, സി, ഡി, &ഇ ആർ.എം.എസ്.എ അപ്ഗ്രേഡ് ചെയ്ത 52 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല ജില്ലകളിലെ തദ്ദേശസ്വയംഭരണവകുപ്പുകളെ ഏല്പിച്ച് സ്കൂളൊന്നിന് 20 ലക്ഷം രൂപ വീതം രണ്ട് ഗഡുക്കളായി ആകെ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. തുടർന്ന് RIDF പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പത്ത് ജില്ലകളിലായി 52 യു.പി.സ്കൂളുകളുടെ നവീകരണത്തിന് സ്കൂളൊന്നിന് ആർ.എം.എസ്.എ. വിഹിതമായി 58.12 ലക്ഷം രൂപയും ആർ.ഐ.ഡി.എഫ് വിഹിതമായി 2 കോടി രൂപയും ചേർത്ത് 2.5812 കോടി രൂപ കണക്കാക്കി 134.22 കോടി രൂപയ്ക്ക് 24.11.2017 -ലെ 4559/2017/G.Edn പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചു. സ്കൂളുകളുടെ നവീകരണത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുവാനും നിർമ്മാണപ്രവൃത്തിയ്ക്കും കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്കായി ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെല്ലിക്കുഴി സർക്കാർ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഏജൻസിയായി ഹാബിറ്റാറ്റിനെ ജില്ലാ പഞ്ചായത്ത് നിശ്ചയിച്ചിരുന്നതായി ജില്ലാ പഞ്ചായത്ത് വഴി നൽകിയ അപേക്ഷയിൽ ബഹു: എം.എൽ.എ. വിശദമാക്കിയിരുന്നു. നിർമ്മാണ പ്രവൃത്തി ഹാബിറ്റാറ്റിനെ തന്നെ ഏല്പിക്കണം എന്ന ജില്ലാ പഞ്ചായത്തിന്റെ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.<br>D2/167/18 എന്ന ഫയൽ സർവ്വശിക്ഷാ അഭിയാന്റെ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, ജില്ലാപ്രോജക്ട് ഓഫീസുകളിലെ ധനകാര്യവകുപ്പ് നടത്തിയ പരിശോധന സംബന്ധിച്ചുള്ളതാണ് എന്ന്കൂടി വ്യക്തമാക്കുന്നു. |

സെക്ഷൻ ഓഫീസർ